ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.04.2025**

## പ്രധാനവാർത്തകൾ

1. ഉപഗ്രഹ അധിഷ്ഠിത ടോൾ പിരിവ് സംവിധാനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെന്ന് കേന്ദ്ര സർക്കാർ. വാഹന വേഗത അളക്കാൻ ഉപയോഗിക്കുന്ന റഡാർ ഉപകരണങ്ങൾക്കായി പുതിയ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു.

2. കോന്നി ആനക്കൊട്ടിലിന് സമീപം കോൺക്രീറ്റ് തൂൺ മറിഞ്ഞുവീണ് നാലുവയസ്സുകാരൻ മരിച്ചു. സംഭവത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

3. കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജിൽ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

4. യേശുക്രിസ്തുവിൻറെ പീഡാനുഭവ സ്മരണയിൽ ഇന്ന് ദുഃഖ വെള്ളി ആചരിക്കുന്നു. ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- പഞ്ചാബ് കിംഗ്സ് പോരാട്ടം.

&&&&&&&&&&&&&&&&&

RNUTVPM

## ഉപഗ്രഹ അധിഷ്ഠിത ടോൾ

ടോൾ പ്ലാസകളിൽ , ഉപഗ്രഹ അധിഷ്ഠിത ടോൾ പിരിവ് സംവിധാനം ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെന്ന് കേന്ദ്ര സർക്കാർ. അടുത്ത മാസം ഒന്ന് മുതൽ പദ്ധതി നിലവിൽ വരുമെന്ന ചില മാധ്യമ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിലാണ് ദേശീയ ഉപരിതല ഗതാഗത, ഹൈവേ മന്ത്രാലയം ഇക്കാര്യം വ്യക്തമാക്കിയത്. അതേ സമയം വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിയുന്ന ANPR സംവിധാനവുമായി നിലവിലെ FASTag സംയോജിപ്പിച്ചുകൊണ്ടുള്ള നൂതന സംവിധാനം തിരഞ്ഞെടുത്ത ടോൾ പ്ലാസകളിൽ ഉടൻ നിലവിൽ വരുമെന്ന് കേന്ദ്രം അറിയിച്ചു .

&&&&&&&&&&&&&&&&&

## റഡാർ- പുതിയ നിയമം

വാഹന വേഗത അളക്കാൻ ഉപയോഗിക്കുന്ന റഡാർ ഉപകരണങ്ങൾക്കായി പുതിയ നിയമങ്ങൾ കേന്ദ്രം വിജ്ഞാപനം ചെയ്തു. 2011 ലെ ലീഗൽ മെട്രോളജി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം. റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള നിയമങ്ങൾ ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&

## മന്ത്രി സജി ചെറിയാൻ

ഷൂട്ടിംഗിനിടയിൽ ലഹരി ഉപയോഗിച്ച നടൻ മോശമായി പെരുമാറിയെന്ന നടിയുടെ പരാതി ഗൗരവമുള്ളതാണെന്നും

സർക്കാർ അന്വേഷിക്കുമെന്നും സാംസ്കാരിക മന്ത്രി സജി ചെറിയാൻ. രാജ്യത്തിന് തന്നെ മാതൃകയായ മലയാള സിനിമാ മേഖലയ്ക്ക് മങ്ങലേൽപ്പിക്കുന്ന യാതൊരു പെരുമാറ്റവും അംഗീകരിക്കാൻ സാധിക്കില്ലെന്നും അത്തരക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

**എം.ബി രാജേഷ്**

ലഹരി പരിശോധനയിൽ നിന്ന് ആരെയും ഒഴിവാക്കില്ലെന്നും ഇതു സംബന്ധിച്ച വിവരം ലഭിച്ചാൽ എവിടെയും പരിശോധന നടത്തുമെന്നും മന്ത്രി എം.ബി രാജേഷ്. ലഹരി ഉപയോഗം സംബന്ധിച്ച ഏത് വിവരവും സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

**കോന്നി - അപകടം**

കോന്നി ആനക്കൂട് സന്ദർശിക്കാനെത്തിയ നാലു വയസുകാരൻ കോൺക്രീറ്റ് തൂൺ ഇളകി വീണ് മരിച്ചു. അടൂർ കടമ്പനാട് സ്വദേശികളായ അജി-ശാരി ദമ്പതികളുടെ മകൻ അഭിരാം ആണ് മരിച്ചത്. നടപ്പാതയുടെ വശത്തെ തൂണുകളിലൊന്നിൽ ചാരി നിന്ന് കുട്ടി ഫോട്ടോ എടുക്കാൻ ശ്രമിക്കുന്നതിനിടെയാണ് അപകടം. നാല് അടിയോളം ഉയരമുള്ള കോൺക്രീറ്റ് തൂണാണ് കുട്ടിയുടെ ദേഹത്ത് പതിച്ചത്. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ പൊലീസും വനംവകുപ്പും പരിശോധന നടത്തും. സംഭവത്തെ തുടർന്ന് കോന്നി ആനക്കൂട് താൽക്കാലികമായി അടച്ചു.

RNU TVPM

&&&&&&&&&&&&&&&&&

കോന്നി - വനംമന്ത്രി

കോന്നി ആനക്കൊട്ടിലിന് സമീപം കോൺക്രീറ്റ് തൂൺ മറിഞ്ഞുവീണ് കുട്ടി മരിച്ച സംഭവത്തിൽ വനം മന്ത്രി എ കെ ശശീന്ദ്രൻ ദുഃഖം രേഖപ്പെടുത്തി. വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സംഭവത്തിൽ ദക്ഷിണ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും മന്ത്രി അടിയന്തര റിപ്പോർട്ട് തേടി. അതേസമയം സംഭവത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായത് ഗുരുതര വീഴ്ചയാണെന്ന് കോന്നി എം എൽ എ കെ യു ജനീഷ്കുമാർ ആരോപിച്ചു.

RNU TVPM

&&&&&&&&&&&&&&&&&

കണ്ണൂർ- ഇൻട്രോ

മലയാളിയുടെ തനത് സംസ്കാരവും പാരമ്പര്യവും വിളിച്ചോതുന്ന കേരള ഖാദി, ഓൺലൈനിലും ലഭ്യമാക്കുന്നു. ഇതിനുള്ള നടപടികൾ ഖാദിബോർഡ് ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

**(വോയിസ്)**

&&&&&&&&&&&&&&&&&

കണ്ണൂർ- ചോദ്യപേപ്പർ ചോർച്ച

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലെ ഒരു കോളേജിൽ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് അന്വേഷണം ആരംഭിച്ചു. കാസർഗോഡ് ഗ്രീൻ വുഡ് ആർട്സ് ആൻഡ്

സയൻസ് കോളേജിൽ ബി സി എ ചോദ്യപേപ്പർ ചോർന്നതായാണ് വിവരം. സർവകലാശാല അധികൃതർ ബേക്കൽ പോലീസിലും കണ്ണൂർ പോലീസിലും പരാതി നൽകിയിട്ടുണ്ട്. അതേസമയം പരീക്ഷ ചോദ്യപ്പേപ്പർ കോളേജിലേക്ക് മെയിൽ ചെയ്ത് ക്യാമ്പസ്സിൽ നിന്നും പ്രിൻറ് എടുക്കുന്ന രീതി അവസാനിപ്പിക്കണമെന്ന് കെ എസ് യു ജില്ലാ പ്രസിഡന്റ് എം സി അതുൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

**എം ബി രാജേഷ്- ഡിജി കേരള**

സർക്കാർ സംവിധാനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകും വിധം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളം മാറിയെന്ന് മന്ത്രി എം.ബി.രാജേഷ് പറഞ്ഞു. നിർമ്മാണം പൂർത്തീകരിച്ച പാലക്കാട് കിഴക്കേഞ്ചേരി ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൻ്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി. തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ 'ഡിജി കേരള' സംരംഭത്തിന് കീഴിൽ 21 ലക്ഷത്തിലധികം ആളുകളെ ഡിജിറ്റൽ സാക്ഷരരാക്കാൻ സാധിച്ചതായും മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&

**ദുഃഖവെള്ളി**

യേശുക്രിസ്തുവിൻറെ പീഡാനുഭവ സ്മരണയിൽ ഇന്ന് ക്രൈസ്തവർ ദുഃഖവെള്ളി ആചരിക്കുന്നു. സംസ്ഥാനത്തെ വിവിധ ദേവാലയങ്ങളിൽ കുരിശിന്റെ വഴി ഉൾപ്പെടെയുള്ള ചടങ്ങുകൾ നടന്നു. ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും നടക്കുകയാണ്. തിരുവനന്തപുരം നഗരത്തിൽ ലത്തീൻ, സിറോ മലബാർ, മലങ്കര, ക്നാനായ തുടങ്ങിയ

സഭകളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി.കോഴിക്കോട് മദർ ഓഫ് ഗോഡ് കത്തീഡ്രലിൽ ദുഖവെള്ളി തിരുക്കർമങ്ങൾക്ക് ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ നേതൃത്വം നൽകും.നാളെ രാത്രിയോടെ ഉയിർപ്പു തിരുന്നാളിനുള്ള ശുശ്രൂഷകൾ ആരംഭിക്കും. ഈസ്റ്റർ ദിനമായ ഞായറാഴ്ചയും പ്രത്യേക കുർബാനയും പ്രാർത്ഥനകളും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&

**തൊമ്മൻകുത്ത്- കുരിശിൻറെ വഴി**

വനം വകുപ്പ്, കുരിശു പൊളിച്ചുമാറ്റിയ തൊടുപുഴ തൊമ്മൻകുത്ത് നാരങ്ങാനത്തേക്ക് വിശ്വാസികൾ കുരിശിന്റെ വഴി ചടങ്ങ് നടത്തി. തൊമ്മൻകുത്ത് സെന്റ് തോമസ് പള്ളിയുടെ നേതൃത്വത്തിൽ ആയിരുന്നു പരിഹാര പ്രദക്ഷിണം. സംഘർഷ സാധ്യത കണക്കിലെടുത്ത് പ്രദേശത്ത് വലിയ പൊലീസ് സന്നാഹം നിലയുറപ്പിച്ചിരുന്നു.

RNU TVM

&&&&&&&&&&&&&&&&&

**കുടുംബശ്രീ- ഇൻട്രോ**

ഉൽപ്പാദന, സേവന രംഗത്ത് മികവാർന്ന പ്രവർത്തനങ്ങളിലൂടെ മികച്ച വരുമാനം കണ്ടെത്തുകയാണ് കുടുംബശ്രീ. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചും മേളകളിൽ പങ്കെടുത്തും കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ നേടിയത് 3.5 കോടി രൂപയുടെ വിറ്റുവരവാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ ......**

(വോയിസ്)

**&&&&&&&&&&&&&&&&&**

**ശബരിമല - ഭസ്മകുളം**

ശബരിമല സന്നിധാനത്ത് നിർമ്മിക്കുന്ന പുതിയ ഭസ്മക്കുളത്തിന്റെ നിർമ്മാണോത്ഘാടനം ഇന്ന് രാവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി. എസ് പ്രശാന്ത്, ശബരിമല തന്ത്രി കണ്ഠര് രാജീവര് എന്നിവർ ചേർന്ന് നിർവഹിച്ചു. പതിനെട്ടാം പടിക്കു മുന്നിൽ വലിയ നടപ്പന്തലിന് പുറകുവശത്തായാണ് പുതിയ ഭസ്മ കുളം നിർമ്മിക്കുന്നത്.

**&&&&&&&&&&&&&&&&&**

RNU TVPM

**പത്തനംതിട്ട- ഇൻട്രോ**

ലക്ഷങ്ങൾ ചെലവഴിച്ച് ഒരു വീടു വെച്ച് താമസിക്കുന്ന അനേകർക്കിടയിൽ വലിയ മാതൃകയാണ് കേന്ദ്ര നാരീശക്തി പുരസ്കാര ജേതാവും സാമൂഹ്യ പ്രവർത്തകയുമായ പത്തനംതിട്ട സ്വദേശി ഡോക്ടർ എം.എസ് സുനിൽ എന്ന സുനിൽ ടീച്ചർ. ഭവന രഹിതർക്കായി ഡോ. എം എസ് സുനിൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഇതുവരെ നിർമ്മിച്ചുനൽകിയത് 350 സ്നേഹ ഭവനങ്ങളാണ്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ടിലേയ്ക്ക്.....**

(വോയിസ്)

**&&&&&&&&&&&&&&&&&**

**ഐ പി എൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സിനെ നേരിടും. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

**&&&&&&&&&&&&&&&&&**

**പി ആർ ശ്രീജേഷ്**

ലഹരിക്കല്ല സ്പോർട്സിനാണ് അടിമപ്പെടേണ്ടതെന്ന് ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ്. കൊല്ലം ഹോക്കിയും ജില്ലാ സ്പോർട്സ് കൗൺസിലും, ഐ.ആർ.ഇ. യും സംയുക്തവുമായി ആശ്രാമം ഹോക്കി സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച വേനൽക്കാല ഹോക്കി പരിശീലന ക്യാമ്പ് സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&&&**

RNU TVPM

**വേവ്സ്- എൽ മുരുഗൻ**

അടുത്തമാസം 1 മുതൽ 4 വരെ മുംബൈയിൽ നടക്കാനിരിക്കുന്ന,ആഗോള ശ്രവ്യ ദൃശ്യ വിനോദ ഉച്ചകോടിയുടെ ഒരുക്കങ്ങൾ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ വിലയിരുത്തി. കേന്ദ്രത്തിലെയും മഹാരാഷ്ട്രയിലെയും നോഡൽ ഓഫീസർമാർ ഉൾപ്പെടെ പങ്കെടുത്ത യോഗമാണ് പുരോഗതി അവലോകനം ചെയ്തത്.

**&&&&&&&&&&&&&&&&&**

**മഴ**

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ

വകുപ്പ്. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&
&&&&&&&&&&
&&&

RNU TVPM